


*"To be a model family fellowship based on spirituality, heritage, kinship & love"*

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)
(Reg.No.ER184/08)

Website: www.alunkal.com Email: info@alunkal.com

Vol. 11, No.1 March 2019

## PRESIDENTIAL COLUMN

Dear esteemed members of our Family Fellowship,

You all are aware that the nucleus of our Fellowship was formed in 1995, under the solemn initiative of our great statesman leader, late Shri.A.M. Thomas Velliattan, in order to foster kinship, love and communication among members of our family. The Family History webbed by late Saramma Ammai and the strong support by late Kunjukunju chettan served as cornerstones to the organisation. When we look back into its track, from the time of inception till date, we have every reason to be proud of its performance in realizing the stated objectives. These achievements can be termed as significant, when we recall our 'pre-Fellowship' days when even close relatives often failed to recognize each other! Our organization has taken creative and sustainable initiatives in fostering kinship among the family members.

We have our regular family meetings, participation in individual family events, yearly observation of Annual Day, an exclusive family medium in 'AFF Newsletter' and website, 'Alunkal.com'- which is rated as one of the best in its genre.

The avowed stand of our Fellowship is that no individual or family is above the collective physique of the Family and no one is considered above the organization.

I request you all to read the proceedings of our latest Family Day celebrations, conducted on the Republic Day, January 26. We earnestly look forward to your feedback, so that we can correct any shortcomings.

**Dr. A.C. Paul**

നമ്മുടെ ഫെല്ലോഷിപ്പിന്റെ കേന്ദ്ര ബിന്ദു രൂപപ്പെട്ടത് ശ്രീ. എ. എം. തോമസ് വല്ല്യേട്ടന്റെ നേതൃത്വത്തിൽ 1995 ഡിസംബർ മാസത്തെ അവസാനത്തെ പ്രവർത്തി ദിവസമായിരുന്നുവെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ പ്രസ്ഥാനം കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം വർദ്ധിപ്പിക്കുകയും കുടുംബങ്ങൾ തമ്മിലുള്ള 'അകലം' കുറക്കുകയും ചെയ്തു എന്നത് ഒരു വസ്തുതയാണ്. സാറാമ്മ അമ്മായി രചിച്ച കുടുംബചരിത്രവും, കുഞ്ഞൂഞ്ഞു ചേട്ടൻ നൽകിയ പ്രചോദനവും സംഘടനയുടെ ആണിക്കല്ലുകളാണ്. ഈ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ക്രിയാത്മകവും, മികവുറ്റതുമായിരുന്നു എന്ന് അഭിമാനിക്കുന്നതിൽ അപാകത ഇല്ല എന്നതിനോടൊപ്പം അപൂർണ്ണതകളെയും നാം കണ്ടില്ല എന്നും നടിക്കരുത്.

നമ്മുടേത് പൂർണ്ണതയിലേക്കുള്ള പ്രയാണമാണ്. ആ വഴിയിൽ എത്ര ദൂരം സഞ്ചരിച്ചു എന്നതാണ് വിലയിരുത്തപ്പെടേണ്ടത്. പൂർണ്ണത ലക്ഷ്യമാക്കുകയും, പ്രയാണത്തിന്റെ ദിശമാറാതിരിക്കുകയും ചെയ്യുക എന്നതാണ് പരമ പ്രധാനം. ഇത്തരം ഒരു അവബോധം എല്ലാവരും കൈവരിക്കേണ്ടതാണ്.

കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ നാം ആഘോഷിച്ച 'കുടുംബദിന'ത്തിന്റെ വിശദാംശങ്ങൾ വായിക്കുകയും പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

## കുടുംബ സംഗമവും, വാർഷിക സമ്മേളനവും - 2019

**(ലില്ലി വർഗ്ഗീസ്, ജെയിംസ് തോമസ്)**

സംഘടനയുടെ 19-ാം കുടുംബ സംഗമവും, വാർഷിക പൊതുയോഗവും 2019 ജനുവരി 26-ന് കണ്ടനാട് ശക്രുള്ളാ മാർ ബസ്സേലിയോസ് സെന്ററിൽ നടന്നു. പ്രസ്തുത സമ്മേളനത്തിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

അംഗങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ രാവിലെ പതിനൊന്നു മണിക്ക് ആരംഭിച്ചു. തുടർന്ന് 12 മണിയോടെ പതിവ് കായിക പരിപാടികൾക്ക് തുടക്കമായി. കുട്ടികളുടെ മിഠായി പെറുക്കൽ, മുതിർന്നവരുടെ കസേരകളി (Musical Chair), കുട്ടികളുടെയും, മുതിർന്നവരുടെയും Spoon Race എന്നീ ഇനങ്ങളിൽ ആവേശകരമായ പങ്കാളിത്വവും, വീറും, വാശിയും പ്രകടമായി.

### കായിക മത്സര ഇനങ്ങളും, വിജയികളും

- മിഠായി പെറുക്കൽ (കുട്ടികൾ) : ജെനി മറിയം വിജയ്, നേഹ മറിയം റെഞ്ചു.
- മ്യൂസിക്കൽ ചെയർ (Seniors) : അമ്മിണി അബ്രാഹാം, ബീന ജെയിംസ്, ബേബി അബ്രാഹാം.
- മ്യൂസിക്കൽ ചെയർ (Gents) : കെ. കെ ജെയിംസ്, നെയിൽ നെബു, സാബു ജോൺ.
- മ്യൂസിക്കൽ ചെയർ (Ladies) : സോമി സാജു, സെലീനാ സാബു, നൈന ജോബ്സി.
- Spoon race (വിവിധ age group-കളിൽ പെട്ടവർ) : നേഹ മറിയം റെഞ്ചു, ഷാറോൺ സാബു, ജെനി മറിയം വിജയ്, മേഘന ജോബ്സി, മറിയ അബ്രാഹാം, അലിൻഡാ സാജു, ഷൈനി ഹാരിസ്, ജിഷ ജോബ്സി, ജീന രെഞ്ചു, ബേബി വിനോയ്, ബീന ജെയിംസ്, ബേബി അബ്രാഹാം, സാബു ജോൺ.

ഉച്ചതിരിഞ്ഞ് ഒരു മണിയോടെ അവസാനിച്ച കായിക മത്സരങ്ങൾക്കുശേഷം ഭക്ഷണത്തിനും, കുടുംബവിശേഷങ്ങൾ പങ്കുവെക്കാനുമുള്ള സമയമായിരുന്നു. എല്ലാവരും ഭക്ഷണം കഴിഞ്ഞ് അല്പം വിശ്രമിച്ചതിനു ശേഷം സ്റ്റേജിൽ കലാപരിപാടികളുടെ തുടക്കമായി.

### കലാപ്രകടനങ്ങൾ

അലിൻഡാ സാജു, ജോമി എൽദോ, മോളി ഫിലിപ്പ്, ഏയ്ഞ്ചൽ മറിയ ജിജോ, എസക്കിയേൽ ജിജോ, ഷിബ ഷാജി എന്നിവർ ഹൃദ്യമായ ആത്മീയ / ജനപ്രിയ ഗാനാലാപനങ്ങളിലൂടെ സദസ്സിനെ ആകർഷിച്ചു.

നേഹ മറിയം രെഞ്ചു, ഇസാ അനൂപ്, മേഘന ജോബ്സി, നൈന ജോബ്സി എന്നീ കുട്ടികളുടെ ഗ്രൂപ്പ് ഡാൻസിലൂടെ സദസ്യർക്ക് ദൃശ്യ വിസ്മയം പ്രദാനം ചെയ്തു.

### പൊതുയോഗം

ഫെല്ലോഷിപ്പിന്റെ പേട്രൺ അഭിവന്ദ്യ മാത്യുസ് മാർ ഇവാനിയോസ് തിരുമേനിയുടെ സാന്നിധ്യത്തിൽ വൈകിട്ട് 3 മണിയോടെ യോഗനടപടികൾ ആരംഭിച്ചു. President Dr. A.C Paul അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ശ്രീ.അവിരാ വർഗ്ഗീസ്, ഡോ. സുരേഷ് മാത്യു, ചീഫ് ഗസ്റ്റ് Prof. ജോയി സി. ജോർജ്ജ് എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു.

അലിൻഡാ സാജു ആലപിച്ച പ്രാർത്ഥനഗാനാലാപനത്തിലൂടെ പൊതുയോഗത്തിന് തുടക്കം കുറിച്ചു. 2018-ൽ കുടുംബത്തിൽ നിന്ന് വിടവാങ്ങിപ്പോയ ശ്രീ. പി. ഐ ജോൺ, ശ്രീമതി. ബേബി രാജൻ, Adv. എം. എ ജോർജ്ജ്, ശ്രീമതി. ഏലിയാമ്മ സ്ലീബാ എന്നിവരെ അനുസ്മരിച്ചുകൊണ്ടുള്ള അനുശോചനപ്രമേയം ശ്രീമതി സബിത ഷെറിൻ സദസ്സിൽ അവതരിപ്പിക്കുകയും അഭിവന്ദ്യ തിരുമേനിയുടെ പ്രാർത്ഥനയിൽ എല്ലാവരും പങ്കുചേർന്ന് എഴുന്നേറ്റ് നിന്ന് പരേതർക്ക് ആത്മശാന്തി നേരുകയും ചെയ്തു.

തുടർന്ന് പൊതുയോഗ നടപടികൾ ആരംഭിച്ചു. സെക്രട്ടറി ശ്രീ. ജെയിംസ് തോമസ് യോഗത്തിനെത്തിയ എല്ലാവരെയും പ്രത്യേകം സ്വാഗതം ചെയ്തു. അഭിവന്ദ്യ തിരുമേനി നിലവിളക്ക് തെളിയിച്ചുകൊണ്ട് യോഗത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. തന്റെ ആശീർവാദ പ്രസംഗത്തിൽ തിരുമേനി സംഘടനയുടെ പ്രസക്തി എടുത്തു പറയുകയും കുടുംബാഗങ്ങളെയും സംഘടനക്ക് നേതൃത്വം നൽകുന്നവരെയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

ഡോ. എ.സി. പോൾ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സംഘടനയുടെ സ്ഥാപക പിതാക്കളെ അനുസ്മരിക്കുകയും, ഉദ്ദേശശുദ്ധിയും, ആത്മാർത്ഥമായ പ്രവർത്തനവുമാണ് ഫെല്ലോഷിപ്പിന്റെ നിലനിൽപിനും വളർച്ചക്കും ആധാരമെന്ന് വിലയിരുത്തുകയും ചെയ്തു. സംഘടനയുടെ പ്രവർത്തനതലത്തിലേക്ക് കടന്നുവരുവാൻ ഇളംതലമുറയ്ക്ക് ആഹ്വാനം നല്കിക്കൊണ്ട് അദ്ദേഹം തന്റെ അദ്ധ്യക്ഷപ്രസംഗം ഉപസംഹരിച്ചു.

തുടർന്ന് ജ. സെക്രട്ടറി ശ്രീമതി. ലില്ലി വർഗ്ഗീസ് വാർഷിക റിപ്പോർട്ടും, ശ്രീ. പോൾ മാത്യു വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ പൊതുയോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

പരിപാടിയിൽ അടുത്തത് "ശ്രീ. എ. എം. തോമസ് അനുസ്മരണ പ്രഭാഷണം" ആയിരുന്നു. കോലഞ്ചേരി St. Peters College ലെ Principal സ്ഥാനംവഹിച്ച് റിട്ടയർ ചെയ്ത Prof. Joy. C. George അവർകൾ ആണ് ഈ ദൗത്യം നിർവ്വഹിച്ചത് (വിശദാംശം ഈ ലക്കത്തിൽ). അടുത്തതായി 90 വയസ് പൂർത്തിയാക്കിയ കുടുംബാംഗങ്ങളെ ആദരിക്കുന്ന ചടങ്ങായിരുന്നു. ശ്രീ. എ. ഐ. സ്ലീബ, Adv. അബ്രാഹാം പീറ്റർ, ശ്രീമതി. സാറാമ്മ ജോർജ്ജ്, ശ്രീമതി. തങ്കമ്മ കുര്യൻ എന്നിവർ യോഗത്തിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു. ഇവരിൽ ശ്രീ. എ. ഐ. സ്ലീബ വേദിയിൽ എത്തുകയും അഭിവന്ദ്യ തിരുമേനിയിൽ നിന്ന് പൊന്നാട സ്വീകരിക്കുകയും ചെയ്തു. യോഗത്തിൽ എത്തിച്ചേരാൻ സാധിക്കാതിരുന്ന അംഗങ്ങൾക്ക് അവരവരുടെ ഭവനങ്ങളിൽ പൊന്നാട എത്തിച്ചു കൊടുത്തു.

നവദമ്പതികളായ യൽദോ - ജോമി, ആശാ - സെലസ്റ്റിൻ എന്നിവരെ ശ്രീമതി. രശ്മി അരുൺ വേദിയിൽ പരിചയപ്പെടുത്തി, വിവാഹാശംസകൾ നേർന്നു.

AFF Executive Committe അംഗങ്ങളായ ശ്രീ. എ. ബി.ഷെറിൻ, ശ്രീമതി ഷീബ ഏലിയാസ്, ശ്രീ. മോൺസി മത്തായി എന്നിവർ വ്യക്തഗത മികവിന് പ്രത്ര്യകം പരാമർശിക്കപ്പെട്ടുകയുണ്ടായി (വിശദാംശങ്ങൾ ഈ ലക്കത്തിൽ)

തുടർന്ന് ശ്രീ. പോൾ ബോബൻ വരണാധികാരിയായി 2019- ലെ പ്രവർത്തക സമിതിയെ ഐകകണ്ഠേന തിരഞ്ഞെടുത്തു. 2018- ലെ പ്രവർത്തക സമിതി തൽസ്ഥിതി തുടരുവാൻ പൊതുയോഗം ഐകകണ്ഠ്യേന തിരുമാനം എടുത്തു. വിവിധ Endowment- കളുടെ വിതരണവും, സമ്മാനദാനവും നടത്തപ്പെട്ടു.

## സംഘടനയുടെ വിവിധ എൻഡോവ്മെന്റുകളും, അർഹരായവരും

## EDUCATIONAL ENDOWMENTS

### Rev. Fr. A.V. Abraham Memorial

- ആഷിക് ഷീജിഷ്, Govt. Junior Basic School, Kandanad
- അമിഖ എസ് മറിയ, Govt. Junior Basic School, Kandanad
- ബെറ്റ്സി മറിയ ബെന്നി, Govt. Junior Basic School, Kandanad
- ശ്രീമതി ഷീജ കുര്യൻ, (Plus 2) St. Mary's Sunday School Kandanad

### Shri. A. M. Thomas Memorial

- അവിനാഷ് ടി.എസ് - SSLC Topper H.S. കടുങ്ങമംഗലം

### Smt. Saramma Kurian, Smt. Saphera Abraham, Smt. Saramma Varghese Memorial

- മറിയ അബ്രാഹാം - $10^{th}$ Std
- ജെറിൻ ഹാരിസ് - Plus 2

ശ്രീ. എ. ബി.ഷെറിൻ എർപ്പെടുത്തിയ Lucky Dip നെതുടർന്ന് അദ്ദേഹം തന്നെ നിർവ്വഹിച്ച കൃതജ്ഞത പ്രകടനത്തോടെ 19-ാം സമ്മേളനത്തിന് സമാപനമായി. തുടർന്ന് പുതിയതായി സ്ഥാനമേറ്റ പ്രവർത്തക സമിതിയുടെ ആദ്യത്തെ യോഗം വൈകീട്ട് 6.30- ന് അതേ വേദിയിൽ നടന്നു.

# ശ്രീ. എ. എം. തോമസ് അനുസ്മരണ പ്രഭാഷണം

**Prof. Joy. C. George**




ആലുങ്കൽ കുടുംബത്തിന്റെയും, സ്വന്തം നാടിന്റെയും സ്വകാര അഹങ്കാരമായി മാറിയ ഒരു വ്യക്തിത്വമായിരുന്നു ശ്രീ. എ. എം. തോമസ് എന്ന് നിരീക്ഷിച്ചുകൊണ്ട് Prof. Joy. C. George തന്റെ പ്രഭാഷണം ആരംഭിച്ചു. വളരെ തിരക്കേറിയ ഒരു നിയമജ്ഞൻ എന്ന നിലയിൽ നിന്ന് രാഷ്ട്രിയത്തിലേക്കുള്ള അദ്ദേഹത്തിന്റെ കുതിച്ചുചാട്ടം അമ്പരപ്പിക്കുന്നതായിരുന്നു. തന്റെ 38-ാം വയസിൽ നിയമസഭയുടെ ഏറ്റവും പ്രായം കുറഞ്ഞ - മിടുക്കനായ സ്പീക്കർ, തുടർന്ന് പാർളിമെന്റ് അംഗത്വം എന്നിവ അദ്ദേഹം അനായാസം നേടിയെടുത്തു. ജവ ഹർലാൽ നെഹ്റു, ഇന്ദിര ഗാന്ധി എന്നിവരുടെ കേന്ദ്രമന്ത്രി സഭയിൽ സ്ഥാനം ലഭിച്ചതോടെ അദ്ദേഹം ഒരു മഹത് വ്യക്തിയായി മാറുകയായിരുന്നു. കൃഷി, ഭക്ഷ്യം, പ്രതിരോധം എന്നീ സുപ്രധാനവകുപ്പുകളാണ് അദ്ദേഹം കൈകാര്യം ചെയ്തത്. തുടർന്ന് മികവുറ്റ ഒരു നയതന്ത്രജ്ഞൻ എന്ന നിലയിൽ സാംബിയ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ സേവനം അനുഷ്ടിക്കുകയും ചെയ്തു. രാജ്യത്ത് ഖാദി - ഗ്രാമ വ്യവസായ മേഖലയെ പുതിയ ഉന്നതങ്ങ ളിലേക്കു നയിക്കുവാനും, ആ സ്ഥാപനങ്ങളുടെ Chairman എന്ന നിലയിൽ അദ്ദേഹത്തിന് സാധിച്ചു.

ദേശസ്നേഹം, തികഞ്ഞ ഗാന്ധിയൻ, കറപുരളാത്ത ജീവിത ശൈലി എന്നിവ അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥനാക്കി. ചിലർ ജന്മനാതന്നെ മഹാൻമാരായിത്തിരുന്നു. ചിലരിൽ മഹത്വം അടിച്ചേൽപ്പിക്കപ്പെടുന്നു. ചിലർ അദ്ധ്വാനത്തിലൂടെ ഇത് നേടിയെടുക്കുന്നു. അങ്ങിനെഅദ്ധ്വാനത്തിലൂടെ മഹത്വം നേടിയെടുത്ത വ്യക്തിത്വ മാണ് ശ്രീ. എ. എം. തോമസിന്റേത്. കുടുംബം, തലമുറകൾ, നാട്, നാട്ടുകാർ ഇവയെല്ലാം അദ്ദേഹത്തിന്റെ ഇഷ്ടവിഷ യങ്ങൾ ആയിരുന്നു. ഇവക്കെല്ലാം അദ്ദേഹം എപ്പോഴും പ്രചോദനമായിരിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് Prof. George തന്റെ പ്രഭാഷണം ഉപസംഹരിച്ചു.

# മനസ്സിൽ എപ്പോഴും ഉത്സവം

**സാനുബ കുര്യൻ**

ഒരിക്കലും തെറ്റു പറ്റിയിട്ടില്ലാത്ത ആളായി അറിയപെടുവാൻ ആഗ്രഹിക്കരുത്. ഒരിക്കൽ പോലും നിരാശ അറിയാത്ത ആളിന് വിജയത്തിന്റെ പടവുകൾ കയറാൻ എളുപ്പമല്ല. ആരിൽ നിന്നെങ്കിലും പാഠങ്ങൾ പഠിക്കാതെ ഒരാൾ ജ്ഞാനിയാകുന്നില്ല. അനുഭവങ്ങളിൽ നിന്നും പഠിക്കുന്ന പാഠങ്ങൾക്ക് ശക്തി കൂടും വിശപ്പു അിറഞ്ഞി ട്ടുള്ളവനെ ഭക്ഷണം രുചികരമായി ആസ്വദിക്കുവാൻ കഴിയുകയുള്ളൂ.

ജീവിതത്തെ പൂച്ചട്ടിയിൽ നട്ടു വെള്ളവും, വളവുമിട്ട് സൂര്യപ്രകാശത്തിൽ വളർത്തി എടുക്കുന്ന ചെടിയായി കാണണം. ജീവിതം പാവനമാണ്. നമ്മുടെ ഓരോ നിമിഷത്തിനും ഉത്തരവാദിത്തത്തോടെ പെരുമാറുവാൻ നാം

ബാദ്ധ്യത ഉള്ളവരാണ്. കൊച്ചു കൊച്ചു തോൽവികൾ കണക്കിലെടുക്കരുത്. മറക്കാൻ ഒരു പാടുണ്ട് ജീവിതത്തിൽ. അതു രാജാവിനും, മന്ത്രിക്കും, പ്രജകൾക്കുമെല്ലാം ബാധകമായ തത്വമാണ്. ജീവിതത്തിന്റെ ആകെ തുകയാണ് പ്രധാനം. തെറ്റുകൾ പറ്റുമ്പോൾ ശരി കൊണ്ടു വന്ന് അതിനെ മൂടുക. ജീവിതം മറ്റുള്ളവർക്ക് പ്രയോജനപ്പെടുമ്പോൾ ഒരു A+ കിട്ടിയതായി കരുതുക. റിപ്പോർട്ടു കാർഡിൽ ധാരാളം A+ കൾക്ക് സ്ഥലമുണ്ടെന്ന് തിരിച്ചറിയുക.

നമ്മുടെ ജീവിതം നമ്മുടെ മാത്രം എന്നു വിചാരിച്ചാൽ തെറ്റുകളും നിരാശകളും വർദ്ധിച്ചുകൊണ്ടിരിക്കും. നമ്മുടെ ജീവിതത്തിൽ പകുതിയിലധികവും മറ്റുള്ളവർക്കു വേണ്ടിയുള്ളതാണ്. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ, അയൽക്കാർ, നാട്ടുകാർ തുടങ്ങി ലോകത്തിന്റെ എല്ലാ കോണിലുമുള്ളവർ - ഇവർക്കെല്ലാം ഒരു പങ്കുണ്ട്, കൂടുതൽ പങ്ക് വയ്ക്കുവാൻ സാധിക്കുന്നവർ ധന്യരാകുന്നു. അവരുടെ മനസ്സിൽ എപ്പോഴും ഉത്സവമായി രിക്കും അനുഭവപ്പെടുക.

# പച്ചക്കറി ഉൽപാദനം ജൈവ രീതിയിൽ

**മോൺസി മത്തായി**

ഒരു ഭവനത്തിലേക്ക് ആവശ്യമായ പച്ചക്കറികൾ അവിടെ തന്നെ ഉൽപാദിപ്പിക്കാവുന്നതാണ്. ഇതിന് പല രീതികളും അവലംബിക്കാം. താഴെ വിവരിക്കുന്ന തരത്തിലുള്ള പച്ചക്കറികളാണ് നാം കൂടുതലായി ഉപയോഗി ക്കുന്നത്.

| | | |
|---|---|---|
| വെള്ളിരി വർഗ്ഗം | : | തണ്ണിമത്തൻ, പടവലങ്ങ, പാവക്ക, വഴുതനങ്ങ, മുളക്, കാപ്സിക്കം, മുതലായവ. |
| കുറ്റിച്ചെടികൾ | : | പയർ, തക്കാളി, വെണ്ട, വഴുതനങ്ങ ആദിയായവ. |
| ഇലവർഗ്ഗം | : | ചീര (ചുവപ്പ്, പച്ച), മുള്ളൻ ചീര എന്നിവ. മണ്ണിൽ വാരം കോരിയോ, ഗ്രോബാഗുകളിലോ ഇവയെ വളർത്താവുന്നതാണ്. |

സ്വന്തമായി കൃഷിഭൂമിയുള്ളവർ, ഇത്തരം കൃഷിരീതികൾ അവലംബിക്കുമ്പോൾ, മുടക്കിയ മൂലധന ത്തിന്റെ ഒരു വിഹിതം സർക്കാരിൽ നിന്നും ഇളവായി ലഭിക്കുന്നതാണ്. വിഷലിപ്തമായ പച്ചക്കറികൾ പുറമെ നിന്നും വാങ്ങുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

കൃഷി ആരംഭിക്കുന്നതിന് മുൻപ് മണ്ണു പരിശോധനനടത്തേണ്ടതാണ്. സാധാരണയായി നമ്മുടെ മണ്ണിൽ അംമ്ലാംശം (Acidity) കൂടുതലായി കാണാറുണ്ട്. അതുകൊണ്ട് മണ്ണു പരിശോധിച്ചതിനു ശേഷം കൃഷി ഭവൻ സന്ദർശിക്കുകയും വിവരങ്ങൾ ആരായുകയും ചെയ്യേണ്ടതാണ്. നിർദ്ദേശിക്കുന്ന അളവിലുള്ള ചേരുവ കൾ സംയോജിപ്പിച്ച് മണ്ണിൽ ചേർക്കുക. കൃഷി ഭൂമിയുടെ സ്വഭാവം അനുസരിച്ച് തടം വെട്ടിയോ, വാരം കോരിയോ വിത്തുകളും, ചെടികളും നടാവുന്നതാണ്. വെള്ളത്തിന്റെ ലഭ്യത കുറവായ സ്ഥലങ്ങളിൽ ഡ്രിപ് രീതി അവലംബിക്കുന്നതാണ് ഉത്തമം.

സ്വന്തമായി കൃഷി ഭൂമി ഇല്ലാത്തവർക്കും 'ഗ്രോബാഗുകൾ' ഉപയോഗിച്ച് തങ്ങളുടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ ഉണ്ടാക്കാവുന്നതാണ്.

നമ്മൾ പുറമെ നിന്ന് വാങ്ങിക്കഴിക്കുന്ന പച്ചക്കറികൾ പലപ്പോഴും വിഷലിപ്തമാണ്. സാധാരണയായി ഇത് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കാറില്ല. ഇത്തരം പച്ചക്കറികൾ നിരന്തരം കഴിക്കുന്നതുമൂലം പലതരം രോഗ ങ്ങൾക്കും നമ്മൾ അടിമപ്പെടുന്നു. അതുകൊണ്ട് നമ്മുക്ക് ആവശ്യമായ പച്ചക്കറികൾ നാം തന്നെ ഉൽപാദി പ്പിക്കേണ്ട ആവശ്യകത ഇവിടെ എടുത്തുപറയുന്നു. പച്ചക്കറിക്കൃഷി ഒരു ജീവിത ശൈലിയാക്കുക.

<u>NB:</u> ശ്രീ. മോൺസിക്ക്, ഉദയംപേരൂർ പഞ്ചായത്തിന്റെ ജൈവപച്ചക്കറി കൃഷിക്കുള്ള ഈ വർഷത്തെ പുരസ്കാരം ലഭിച്ചു. AFF- ന്റെ അഭിനന്ദനങ്ങൾ!

**(Personal Profile)**



# ഏലിയാസ് എബ്രാഹം

കുരീക്കാട് - കണിയാവള്ളിയിൽ ആലുങ്കൽ മത്തായി അബ്രാഹാമിന്റെയും മേരി അബ്രാഹാമിന്റെയും ഇളയ മകനായി 1962 October 3-ന് ജനിച്ചു. ജ്യേഷ്ഠസഹോദരൻ കണ്ടനാട് ഭദ്രാസനാധിപനായ അഭി. ഡോ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയാണ്. ശ്രീ. ഏലിയാസ്സിന്റെ പ്രാഥമിക വിദ്യാഭ്യാസം കടുംഗമംഗലം എൽ. പി. സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം കണ്ടനാട് സെന്റ്. മേരിസ് സ്കൂളിലും ആയിരുന്നു. തുടർന്നുള്ള ഉന്നത വിദ്യാഭ്യാസം സെന്റ് പീറ്റേഴ്സ് കോലഞ്ചേരിയിലായിരുന്നു. 1982-ൽ Physics- ൽ B.Sc ബിരുദം കരസ്ഥമാക്കി. 1984- ൽ H.C.C- ലും തുടർന്ന് 1988 മുതൽ Indian Potash Ltd.- ലും. ഇപ്പോൾ ഇവിടെ Marketing Executive ആയി പ്രവർത്തിക്കുന്നു. 1990 ൽ അങ്കമാലി (ആഴകം) പൈനാടാത്ത് കുര്യൻ-മറിയാമ്മ ദമ്പതികളുടെ ഇളയ മകൾ ഷീബയെ വിവാഹം ചെയ്തു. B.Sc, B.Ed ബിരുദധാരിയായ ശ്രീമതി. ഷീബ പെരുമ്പിള്ളി Hail Mary HSS- ലും, പിന്നീട് 1997 മുതൽ, കണ്ടനാട് സെന്റ് മേരിസ് HS-ലെ അദ്ധ്യാപികയും, തുടർന്ന് 2018 ജൂൺ മുതൽ ഹെഡ്മിസ്ട്രസ് ആയും നിയമിക്കപ്പെടുകയും ചെയ്തു. ഏലിയാസ് - ഷീബ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. മൂത്തമകൻ യൽദൊ CUSAT ൽ നിന്ന് B.Tech- ഉം തുടർന്ന് അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്നും MBA-യും നേടി. ഇപ്പോൾ കാക്കനാട് NEST- ൽ Engineer ആയി ജോലി ചെയ്യുന്നു. ഇളയ മകൻ കുര്യൻ +2 ന് പഠിക്കുന്നു. ALUNKAL FAMILY FELLOWSHIP- ന്റെ സ്ഥാപനകാലം മുതൽ ശ്രീ. ഏലിയാസ് എബ്രാഹം അതിന്റെ സെക്രട്ടറിയായും, പിന്നീട് Mg. Treasurer ആയും പ്രവർത്തിച്ചുവരികെ 2019-ലെ വാർഷിക പൊതുയോഗത്തിൽ സംഘടനയുടെ Vice പ്രസിഡണ്ടായി ചുമതലയേറ്റു.

**ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ**

കടുംഗമംഗലം മാർ ഒസ്താത്തിയോസ് Sunday School നിന്ന് തുടങ്ങിയ അദ്ദേഹത്തിന്റെ പ്രവർത്തനം മാതൃദേവാലയത്തിലെ St.Mary's Sunday School-ന്റെ പ്രധാന അദ്ധ്യാപക പദവിലേക്ക് അദ്ദേഹത്തെ എത്തിച്ചു. ഇതോടൊന്നിച്ച് Youth അസ്സോസിയേഷന്റെ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു. ഈ കാലയളവിലാണ് വി. ദേവാലയത്തിലെ Youth അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സുവിശേഷയോഗം, ക്രിസ്മസ്സ് കരോൾ എന്നിവ പുനർജീവിപ്പിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ ആത്മീയ പ്രവർത്തന മികവിന്റെ ശ്രദ്ധേയമായ മറ്റൊരു നേട്ടം മഞ്ഞനിക്കര തീർത്ഥയാത്രക്ക് ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വരവേൽപ്പാണ്. ഈ പ്രവർത്തനം ഇപ്പോൾ മുടങ്ങാതെ തുടരുകയും തീർത്ഥയാത്ര സംഘം വി. ദേവാലയത്തിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു. 2014-16 കാലഘട്ടത്തിൽ MJSSA ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം കത്തീഡ്രൽ അസ്സോസിയേഷന്റെ മാനേജിങ് കമ്മറ്റി അംഗവും കൂടിയാണ്.

# ശ്രദ്ധാഞ്ജലി

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സ്നേഹ നിധികളായ 5 കുടുംബാംഗങ്ങളാണ് നമ്മിൽ നിന്നും വിടവാങ്ങിയത്. പരേതരായ ശ്രീ. പി. ജെ. ജോൺ, ശ്രീമതി. ബേബി രാജൻ എന്നിവരുടെ അനുസ്മരണം കഴിഞ്ഞ ലക്കം News Letter-ൽ വന്നിട്ടുള്ളതാണ്. Adv. M.A George -ന്റെയും, ശ്രീമതി. ഏലിയാമ്മയുടെയും, ശ്രീമതി ഗ്രേസിയുടെയും സ്മരണിക താഴെ കൊടുക്കുന്നു.



## Adv. M.A. George

കോട്ടയം വലിയപറമ്പിൽ ശ്രീ. ജോർജ്ജ് 2018 ഏപ്രിൽ 13-ാം തീയതി നിദ്രപ്രാപിച്ചു. എറണാകുളത്ത് High Court-ൽ പ്രാക്ടീസ് ചെയ്തുവരികയായിരുന്നു. ചെമ്പു ആലുങ്കൽ കുടുംബാഗവും Advocate General Office- ലെ Retired ഉദ്യോഗസ്ഥയുമായ ശ്രീമതി. മറിയാമ്മയാണ് സഹധർമ്മിണി. 3 പെൺമക്കൾ എല്ലാവരും വിവാഹിതർ. കുടുംബം പാലാരിവട്ടത്തു താമസിക്കുന്നു.

***പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു***



### ശ്രീമതി ഏലിയാമ്മ സ്ലീബ

താഴത്തെ ആലുങ്കൽ ശ്രീ. എ. ഐ. സ്ലീബയുടെ ഭാര്യ ശ്രീമതി ഏലിയാമ്മ 2018 ഏപ്രിൽ 30-ാം തീയതി ഇളയ മകൾ ആനിയുടെ വസതിയിൽ നിര്യാതയായി. പരേത പടയാറ്റിൽ കുടുംബാംഗമാണ്. 2 പെൺമക്കൾ. രണ്ടുപേരും വിവാഹിതർ. സംസ്കാരം വി. മർത്തമറിയം കത്തീഡ്രൽ സിമിത്തേരിയിൽ നടന്നു.

***പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു***



### ശ്രീമതി ഗ്രേസി അബ്രാഹാം

ചെമ്പ് ആലുങ്കൽ പരേതനായ ശ്രീ. എ. സി. അബ്രാഹാമിന്റെ ഭാര്യ ശ്രീമതി. ഗ്രേസി 25.02.2019 ൽ നിര്യാതയായി. സംസ്കാരം ചെമ്പ് സെന്റ് തോമസ് യാക്കോബായ പള്ളിയിൽ നടന്നു. പരേത കോട്ടയം ആമ്പേലിൽ കുടുംബാംഗമാണ്. അക്കൾ : ചെറിയാൻ, വർഗ്ഗീസ്, പ്രിൻസ്.

***പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു***

---

# AFF NEWS

**ശ്രീമതി ഷീബ ഏലിയാസ്**: 1990 മുതൽ പെരുമ്പിള്ളി Hail Mary HS- ൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ച ശ്രീമതി ഷീബ ഏലിയാസ് 1997- ൽ കണ്ടനാട് St. Mary's High School-ലെ ഗണിതശാസ്ത്ര വിഷയത്തിൽ അദ്ധ്യാപികയായി ജോലി തുടർന്നു. ശ്രീമതി. ഷീബ 2018-ൽ പ്രധാന അദ്ധ്യാപികയായി നിയമിതയായി. സ്കൂളിലെ I.T Coordinator, Trainee Scout Guide എന്നി നിലകളിലും സേവനം അനുഷ്ഠിക്കുന്ന ശ്രീമതി ഷീബ മിതഭാഷിയും, സൗമ്യശീലയുമാണ്. ഷീബക്കും കുടുംബത്തിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**<u>ശ്രീ. എ. ബി. ഷെറിൻ</u> :** "എന്റെ സംരഭം" എന്ന വാണിജ്യ മാസികയുടെ വിലയിരുത്തലിൽപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ പ്രഥമ സ്ഥാനം കരസ്ഥമാക്കിയ 'Steel Bird' ന്റെ ഉടമ ശ്രീ. എ. ബി. ഷെറിൻ ഏറ്റവും മികവുറ്റ Safety Brand Product Distributor എന്ന പുരസ്കാരത്തിന് അർഹനായി. സംസ്ഥാനത്തെ ബഹു. വൈദ്യുത മന്ത്രി ശ്രീ. എം. എം. മണി അവർകൾ ശ്രീ. ഷെറിന് ഈ ബഹുമതി ഔദ്യോഗീകമായി സമ്മാനിച്ചു. സംഘടനയുടെ സെക്രട്ടറിയും, സജീവ പങ്കാളിത്വം വഹിക്കുന്ന വ്യക്തിയുമായ ശ്രീ. ഷെറിന് ഈ പുരസ്കാര ലബ്ദിയിൽ പ്രത്യേകം അഭിനന്ദനങ്ങൾ.

---

**<u>ജനനങ്ങൾ</u>**

- സീമ - ഷൈൻ ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു.
- എൽദോ - ജോമി ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു.
- റോഷൻ - ഉല്ലാസ് ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു.

***നവജാത ശിശുക്കൾക്ക് ആയുരാരോഗ്യങ്ങൾ നേരുന്നു.***

---

**<u>Enrollment of Membership</u>**

- ശ്രീ. അരുൺ രാജ് സംഘടനയുടെ പേട്രൺ അംഗത്വം സ്വീകരിച്ചു.

**<u>Life Membership</u>**

- പ്രിൻസ് അബ്രാഹാം, യൽദോ ജോയി, നെബു പോൾ എന്നീ കുടുംബാംഗങ്ങൾ സംഘടനയുടെ Life Members ആയി ചേർന്നു.

***പുതിയതായി Enrol ചെയ്ത അംഗങ്ങളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.***

---

**<u>വിവാഹങ്ങൾ :</u>**

- തെക്കൻ പറവൂർ കാട്ടേഴത്ത് ശ്രീ. മോഹൻദാസിന്റെയും ശ്രീമതി ദീനാമ്മയുടെയും മകൾ ആശയും, കുന്നംകുളം തറവളായിൽ ശ്രീ. പി. എം. മാത്യുവിന്റെയും ശ്രീമതി ശാന്താ മാത്യുവിന്റെയും മകൻ സെലസ്റ്റിനും തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ 28-ാം തീയതി കുന്നംകുളം സെന്റ്. ഗ്രിഗോറിയോസ് പള്ളിയിൽ വച്ച് നടന്നു.
- കാഞ്ഞിരമറ്റം കൊളുത്തക്കോട്ടിൽ ശ്രീ. ഡേവിഡിന്റെയും ശ്രീമതി മിനിയുടെയും മകൻ എൽദോയും, വടവുകോട് ഇടയനാൻ ശ്രീ. തോമസ് അബ്രാഹാമിന്റെയും ശ്രീമതി ബിൽബിയുടെയും മകൾ റിയയും 16.02.2019 ൽ വടവുകോട് സെന്റ് മേരിസ് യാക്കോബായ പള്ളിയിൽ വച്ച് വിവാഹിതരായി.

***നവദമ്പതികൾക്ക് AFF എല്ലാ ആശംസകളും നേരുന്നു.***

---